SJD/1623/2022-G3

I/53570/2022

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: എം.അഞ്ജന ഐ.എ.എസ് )

ഉത്തരവ് നം. എസ്ജെഡി/1623/2022-ജി3

തിരുവനന്തപുരം,
തീയതി: 28-07-2022

---

വിഷയം: സാമൂഹ്യനീതി വകുപ്പ് – വയോമധുരം പദ്ധതി 2021-22 – ഗ്ലൂക്കോമീറ്റർ വിതരണം – ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സർക്കാരിന്റെ 23/07/2018 – ലെ 444/2018/എസ്ജെഡി നം. ഉത്തരവ്.

2.സാമൂഹ്യനീതി ഡയറക്ടറുടെ 23/02/2022 ലെ എസ്ജെഡി/4544/ 2021-ജി3 നം. ഉത്തരവ്.

3.സ.ഉ.(സാധാ) നം. 134/2022/എസ്ജെഡി തീയതി. 27/05/2022

2021-22 സാമ്പത്തിക വർഷത്തിൽ വയോമധുരം പദ്ധതിയിൽ ഉൾപ്പെടുത്തി മാനദണ്ഡങ്ങൾക്ക് വിധേയമായി കൊല്ലം ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ നിന്നുള്ള 60 വയസ്സോ അതിന് മുകളിലോ പ്രായമുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പ്രമേഹരോഗികളായ 1400 പേർക്ക് ആകെ 1400 എണ്ണം ഗ്ലൂക്കോമീറ്ററുകൾ (25 സ്ട്രിപ്പ് ഉൾപ്പെടെ) ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ വഴി വിതരണം ചെയ്യുന്നതിന് കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അനുമതി നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഗ്ലൂക്കോമീറ്ററുകളുടെ വിതരണം പൂർത്തിയാക്കിയ സാഹചര്യത്തിൽ, ആയത് ഉപയോഗിക്കുന്ന രീതി വിശദീകരിച്ച് നൽകുന്നതിനും, ഗ്ലൂക്കോമീറ്ററുകൾ വിതരണം ചെയ്യുന്നതിനുമായി ജില്ലകളിൽ വിവിധ സ്ഥലങ്ങളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതുണ്ട്. ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി ഒരു ജില്ലയ്ക്ക് 5,000/- രൂപ ക്രമത്തിൽ കൊല്ലം ജില്ല ഒഴികെയുള്ള 13 ജില്ലകൾക്കായി ആകെ 65,000/- രൂപ അനുവദിച്ചുകൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്നതിനും, ആയത് ഉപയോഗിക്കുന്ന രീതി വിശദീകരിച്ച് നൽകുന്നതിനുമായി ജില്ലകളിൽ വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ നിയോഗിച്ചും, പ്രസ്തുത ക്യാമ്പ് സംഘടിപ്പിക്കുന്നതിലേയ്ക്കായി ഒരു ജില്ലയ്ക്ക് 5,000/- രൂപ ക്രമത്തിൽ കൊല്ലം ജില്ല ഒഴികെയിള്ള 13 ജില്ലകൾക്കായി ആകെ 65,000/- **രൂപ (അറുപത്തി അയ്യായിരം രൂപ മാത്രം)** ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക നടപ്പ് സാമ്പത്തിക വർഷം 2235-02-104-82 (**പ്ലാൻ**) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും ഇതിനാൽ അനുമതി നല്കുന്നു.

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

പകർപ്പ്:-

1. സൂപ്രണ്ട്, എ/ബി സെക്ഷൻ (തുക അനുവദിയ്ക്കുന്നതിന്)
2. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്